**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 774 — 25.01.2018-ൽ മറുപടിയ്ക്ക്

## വർക്കല ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം

| | ചോദ്യം: | | മറുപടി: |
|---|---|---|---|
| | ശ്രീ. വി. ജോയി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | വർക്കല മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ. ടി. ഐ. യിൽ സൗകര്യങ്ങൾ കുറവുള്ളതായും നിലവിലുള്ള കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലും ആണെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഐ. ടി. ഐക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ; | (എ) & (ബി) | പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വർക്കല ഐ. ടി. ഐ. യിൽ കാലപ്പഴക്കം കൊണ്ട് ജീർണാവസ്ഥയിലായ പഴയ കെട്ടിടത്തിൽ നിലവിൽ ക്ലാസുകൾ നടത്തുന്നില്ല. എന്നാൽ നിലവിലുള്ള ട്രേഡുകളായ ഡി സിവിൽ, പ്ലംബർ എന്നിവ സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് വേണ്ടി, പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ആയതിലേക്ക് എസ്റ്റിമേറ്റും രൂപരേഖയും തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത ഐ. ടി. ഐ. യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ